## (45.) മണിയാർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

1973-ൽ വടശ്ശേരിക്കര വില്ലേജിൽ മണിയാർ റബ്ബർ പ്ലാന്റേഷനിൽ ശാന്തവേനിൽ ഗീവർഗീസ് ബേബി ഇവിടെ ഒരു ദേവാലയം സ്ഥാപിക്കുന്നതിനുവേണ്ടി പത്തുസെന്റ് ഭൂമി തിരുവനന്തപുരം ആർച്ചു ബിഷപ്പായിരുന്ന അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമനസ്സുപേർക്ക് ദാനമായി നല്കി. അങ്ങനെ 1973 ഇവിടുത്തെ കുറേ ആളുകളുടെ പരിശ്രമഫലമായി ഒരു താത്കാലിക ചാപ്പൽ സ്ഥാപിതമായി. 1973 മെയ് മാസത്തിൽ തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ട് ഈ ചാപ്പൽ കൂദാശ ചെയ്യപ്പെട്ടു.

ഈ ദേവാലയത്തിന്റെ പ്രഥമ വികാരിയായി മാത്യു കയ്യാലയ്ക്കൽ അച്ചൻ നിയമിതനായി. 1973 മുതൽ 1975 വരെ മാത്യു അച്ചന്റെ സേവനകാലമായിരുന്നു. പിന്നീട് ജോൺ അച്ചൻ ഈ ദേവാലയിന്റെ വികാരിയായി ചുമതലയേറ്റു. അച്ചൻ വികാരിയായിരിക്കുമ്പോൾ തന്നെ 1981-ൽ ഈ ചാപ്പൽ പുതുക്കിപ്പണികഴിപ്പിച്ചു. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് ഇതിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

ജേക്കബ് ജോൺ അച്ചന്റെ പിൻഗാമിയായി ജോൺ മലയിൽ അച്ചൻ ചുമതലയേറ്റു. അച്ചന്റെ സേവനം കുറച്ച് നാളത്തേക്കു മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനുശേഷം ജോഷ്വാ പീടികയിൽ അച്ചൻ വികാരിയായി വന്നു. 1985 മുതൽ 1987 വരെ പാപ്പാടി അച്ചൻ വികാരിയായി തുടർന്നുപോയി. പാപ്പാടി അച്ചൻ വികാരിയായിരിക്കെ പള്ളി സെമിത്തേരിക്കായി പള്ളിക്ക് അടുത്ത് 21 സെന്റ് വസ്തു വിലയ്ക്കുവാങ്ങി.

പിന്നീട് അടുത്തടുത്തുള്ള കാലഘട്ടങ്ങളിൽ ജോൺ സി. പുത്തൻവീട് അച്ചൻ, ചെറിയാൻ മായിക്കൽ അച്ചൻ, ജോൺ തുണ്ടിയത്ത് അച്ചൻ മുതലായ വൈദീകർ ഈ ഇടവകയുടെ വികാരിയായിരുന്നു. 1996 - ൽ റോയി ആമ്പശ്ശേരിൽ അച്ചൻ വികാരിയായിരിക്കുമ്പോൾ 1996 ജനുവരി 1-ാം തീയതി ഈ ഇടവകയിൽപ്പെട്ട ഒരാൾ മരിക്കുകയും അദ്ദേഹത്തെ പള്ളിവക സെമിത്തേരി ഭൂമിയിൽ അടക്കം ചെയ്യുകയും ചെയ്തു. അതേ തുടർന്ന് സെമിത്തേരിക്ക് അടുത്ത താമസക്കാരായ കുടുംബക്കാർ ഇവിടെ മൃതശരീരം അടക്കുന്നതിനെതിരെ ഹൈക്കോടതിയിൽ പരാതി ചെയ്തു. നന്മൂലം മേലിൽ അടക്കം ചെയ്യുന്നത് കോടതി സ്റ്റേ ചെയ്യുകയും ചെയ്തു. ഈ കാരണാൽ ഇടവകയിൽ പന്നീട് മരിക്കുന്നവരെ മാമ്പാറ, ചിറ്റാർ, വടശ്ശേരിക്കര എന്നിവിടങ്ങളിലെ സെമിത്തേരിയിൽ അടക്കം ചെയ്തുവരുകയായിരുന്നു. റോയി ആമ്പശ്ശേരിൽ അച്ചനുശേഷം സാമുവേൽ മണ്ണിൽ ചന്ദനപ്പള്ളി അച്ചൻ ഇടവകയുടെ വികാരിയായി.

1997-ൽ ഏപ്രിൽ സഖറിയാസ് പുഷ്പവിലാസം അച്ചൻ വികാരിയായി ചാർജ്ജെടുത്തു. അച്ചൻ വികാരിയായിരിക്കെ നമ്മുടെ അടുത്ത പ്രദേശമായ കൊടുമുടി എന്ന സ്ഥലത്തെ നാനാജാതി മതസ്ഥരായ ആളുകൾ ഒന്നടങ്കം ചേർന്ന് തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പായിരുന്ന അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിന് ഒരു പൗരസ്വീകരണം നല്കുകയുണ്ടായി. കൊടുമുടി എന്ന സ്ഥലത്ത് നമ്മുടെ ഒരു പള്ളി വരേണ്ടുന്ന ആവശ്യം അവിടുത്തെ ജനങ്ങൾ പിതാവിനെ ധരിപ്പിക്കുകയും അവരുടെ ആവശ്യം തിരുമനസ്സുകൊണ്ട് അംഗീകരിക്കുകയും ചെയ്തു. അവിടെ പള്ളിയും സെമിത്തേരിയും പണിയുന്നതിന് സ്ഥലം വാങ്ങുകയും ചെയ്തു. പ്രാരംഭത്തിൽ ഒരു ചാപ്പലായി പണിതു, ഇതിന്റെ പ്രഥമ വികാരിയായി മാത്യു മാടപ്പള്ളി അച്ചൻ നിയമിതതനായി അഭിവന്ദ്യ പിതാവിന്റെ നിർദേശാനുസരണം 15 കുടുംബങ്ങൾ കൊടുമുടി അമലഗിരി ദേവാലയ ിലേക്ക് മണിയാർ ഇടവകയിൽനിന്നും മാറ്റപ്പെട്ടു. സഖറിയാസ് പുഷ്പവിലാസം അച്ചനുശേഷം മാത്യു മാടപ്പള്ളിൽ അച്ചൻ മണിയാർ ഇടവകയുടെ വികാരിയായി നിയമിതനായി.

29/04/2000 -ൽ ജോഷ്വാ പാറയിൽ അച്ചൻ വികാരിയായി നിയമിതനായി. ഈ കാലയളവ് മണിയാർ ഇടവകയുടെ സുവർണ്ണ കാലമായിരുന്നു. പള്ളിയോട് ചേർന്ന് ഒരു കുരിശ്ശടി നിർമ്മിക്കുക എന്നത് ഇടവകക്കാരുടെ വളരെ നാളത്തെ ആഗ്രഹമായിരുന്നു. ജോഷ്വാ അച്ചന്റെയും ഇടവക ജനങ്ങളുടേയും ആശ്രാന്ത പരിശ്രമത്തിന്റെ ഫലമായി ഒരു ഗ്രോട്ടോ സ്ഥാപിച്ചു. അങ്ങനെ 2002 ഫെബ്രുവരി 19-ാം തീയതി അഭിവന്ദ്യ തിരുവന

ന്തപുരം അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും മലങ്കര സഭയിലെ ധാരാളം വൈദീകരുടെ സഹകരണിലും പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പണികഴിപ്പിച്ചിട്ടുള്ള ഗ്രോട്ടോയുടെ കൂദാശ കർമ്മം നിർവഹിക്കപ്പെട്ടു. തദവസരിൽ ഇത് ഒരു തീർത്ഥാടന കേന്ദ്രമായി മാറും എന്ന് അഭിവന്ദ്യ പിതാവ് പ്രസ്താപിച്ചു. ജാതിമതഭേദമെന്യേ അനേകം ആളുകൾക്ക് താങ്ങും തണലുമായി പരിശുദ്ധ മാതാവ് ഈ ഗ്രോട്ടോയിൽ കുടികൊള്ളുന്നു.

അതേതുടർന്ന് 2003 ൽ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ നിസ്തുലമായ സാമ്പിക സഹായാലും ജോഷ്വാ അച്ചന്റെയും ഇടവക ജനങ്ങളുടേയും സാമ്പികവും ശാരീരികമായ പരിശ്രമം കൊണ്ടും ഇപ്പോൾ കാണുന്ന മദ്ബഹ ഈ നിലയിൽ പണിപൂർത്തീകരിക്കുന്നതിന് സാധിച്ചു. 2004 ഫെബ്രുവരിയിൽ ഈ പരിശുദ്ധ മദ്ബഹായുടെ കൂദാശാകർമ്മം അതിഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമനസ്സുകൊണ്ട് നിർവഹിക്കപ്പെട്ടു.

അതിനുശേഷം ഏബ്രഹാം മണ്ണിൽ അച്ചൻ, തോമസ് ആലുനിൽകുന്നതിൽ, തോമസ് മലയിൽ, ബോബി ഇരട്ടപുളിയ്ക്കൽ, ടോം കണ്ണന്താനം, തോമസ് ഈട്ടിക്കാലായിൽ എന്നീ വൈദീകർ വികാരിമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

മണിയാർ ദേവാലയത്തിന് സ്വന്തമായി ഒരു സെമിരേി ഇല്ലാത്തതിന്റെ ദുരിതത്തെക്കുറിച്ച് പള്ളിക്കമ്മറ്റിക്കാർ പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹനോൻ മാർ ക്രിസോസ്റ്റം പിതാവിനെ നേരിൽ കണ്ട് ധരിപ്പിച്ചു. ഈ ആവശ്യം തിരുമേനി അംഗീകരിക്കുകയും അതിന്റെ ഫലമായി വടശ്ശേരിക്കര സെന്റ് ആന്റണീസ് പള്ളിയുടെ സെമിത്തേരിയോട് ചേർന്ന് മുപ്പത് സെല്ല് ഉൾകൊള്ളുന്ന ഒരു കോൺക്രീറ്റ് വോൾട്ട് പണിയുന്നതിനുള്ള അനുവാദം അന്നത്തെ വികാരി (2011ൽ) തോമസ് ഈട്ടിക്കാലായിൽ അച്ചനെ അറിയിക്കുകയും ചെയ്തു. അങ്ങനെ ഡിസംബർ 19-ാം തീയതി സെമിത്തേരിയുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. തോമസ് ഈട്ടിക്കാലായിൽ അച്ചന്റെ കാര്യശേഷികൊണ്ടും ഇടവക ജനങ്ങളുടെ ആത്മാർത്ഥമായ സാമ്പത്തീക സഹകരണം കൊണ്ടും 2012 ജൂലൈ മാസത്തിൽ സെമിത്തേരിയുടെ പണിപൂർത്തീകരിച്ചു. എന്നാൽ സെമിത്തേരിയുടെ കൂദാശ നടത്തുന്നതിനുമുമ്പ് ഇടവകയിലെ അംഗമായ കരിപ്പോൾ പുത്തൻവീട്ടിൽ ചാക്കോ മത്തായി മരിച്ചു. അടുത്ത ദിവസം 2012 ജൂലൈ 7-ാം തീയതി വന്ദ്യ മോസിഞ്ഞോർ ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പാ സെമിത്തേരിയുടെ കൂദാശാകർമ്മം നിർവഹിക്കുകയും പരേതനെ സെമിത്തേരിയിൽ അടക്കം ചെയ്യുകയും ചെയ്തു. അതിനുശേഷം ശമുവേൽ മേമന, സാറാമ്മ ശമുവേൽ മേമനയിൽ, വർഗീസ് ജോർജ്ജ് കടിയംകുന്നിൽ, അന്നമ്മ വർഗീസ് കുടിയംകുന്നിൽ എന്നിവരെ അടക്കം ചെയ്തു.

നേരത്തെ പള്ളിയുടെ സെമിത്തേരിയ്ക്കായി വാങ്ങിയിരുന്ന ഭൂമിയിൽ അടക്കം ചെയ്തിരുന്ന കണ്ടത്തിൽ കുഞ്ഞമ്മ ജോണിന്റെ ശരീരാവശിഷ്ടങ്ങൾ ഫിലിപ്പോസ് ചരിവുപുരയിടത്തിൽ അച്ചൻ വികാരിയായിരിക്കുമ്പോൾ ഒരു പെട്ടിയിൽ ആക്കി വടശ്ശേരിക്കര സെല്ലിൽ അടക്കുകയും ചെയ്തു. ഈ കർമ്മം നിർവഹിക്കുന്നതിന് വികാരിയച്ചനെ കൂടാതെ നമ്മുടെ സഭയിലെ അഞ്ചോളം വൈദീകരും ഉണ്ടായിരുന്നു.

തോമസ് ഈട്ടിക്കാലായിൽ അച്ചനുശേഷം വർഗീസ് സാമുവേൽ അച്ചൻ വികാരിയായി ചാർജ്ജെടുത്തു. ഒരു മരിയൻ ഭക്തനായ അച്ചൻ ഇടവക ജനങ്ങളേ കൂടുതൽ ആത്മീയതയിലേക്ക് നയിച്ചു. അച്ചന്റെ പ്രസംഗങ്ങളും പ്രബോധനങ്ങളും ലാളിത്യവും ഇതിന് കാരണമായി. അച്ചന്റെ യാത്രയിൽ പരുക്കുപറ്റി അദ്ദേഹം കുറേനാൾ ആശുപത്രിയിൽ കഴിയേണ്ടിവന്നു. ഈ അവസരിൽ മൈലപ്രാ പള്ളിയിലെ അസിസ്റ്റന്റ് വികാരി ഫാ. ഫിലിപ്പോസ് ചരിവുപുരയിടിൽ അച്ചൻ വിശുദ്ധ കുർബാന അർപ്പിക്കുവാൻ മണിയാർ പള്ളിയിൽ എത്തിയിരുന്നു. 2016 ജൂൺ 5 ന് വർഗീസ് സാമുവേൽ അച്ചൻ നെടുമകാവ് പള്ളിയുടെ വികാരിയായി ചുമതല ഏൽക്കുകയും ചെയ്തു.

അന്നേദിവസം ഫിലിപ്പോസ് ചരിവുപുരയിടിൽ അച്ചൻ വികാരിയായി ചാർജ്ജെടുത്തു. അച്ചന്റെ സേവനകാലം ഭക്തസംഘടനകളായ മാതൃസമാജം, സണ്ടേസ്കൂൾ, പ്രാർത്ഥനാ കൂട്ടായ്മ എന്നിവയ്ക്കും കൂടുതൽ ഉത്തേജനവും ഉണർവും ഉണ്ടായി. 2018 ജൂലൈ 1-ാം തീയതി ഫിലിപ്പോസ് ചരിവുപുരയിടത്തിൽ അച്ചൻ കാട്ടൂർ മലങ്കര കത്തോലിക്കാപള്ളി വികാരിയായി ചാർജ്ജെടുത്ത് സ്ഥലം മാറി പോവുകയും ചെയ്തു.

08/07/2018 ഞായർ വർഗീസ് കുത്തിനേത്ത് അച്ചൻ ഇടവകയുടെ വികാരിയായി ചാർജ്ജെടുത്തു. അച്ചൻ ചാർജ്ജെടുത്തതിനുശേഷം ആഗസ്റ്റ് മാസം 14-ാം തീയതി ഉണ്ടായ അതിഭയങ്കരമായ മഴയിൽ പള്ളിമുറ്റം ഇടിഞ്ഞു തകർന്നു. അച്ചന്റെ സംയോജിതമായി ഇടപെടൽകൊണ്ടും അരമനയുടെ സഹായംകൊണ്ടും നല്ല ബലവായ രീതിയിൽ പുനരുദ്ധരീകരിക്കുന്നതിന് സാധിച്ചു. കാതലായ മാറ്റങ്ങൾക്ക് അച്ചന്റെ സേവനകാലം ഉപകരിച്ചിരുന്നു. പള്ളിയുടെ മുറ്റം റൂഫിംഗ് ചെയ്ത് വൃത്തിയാക്കുന്നതിന് അച്ചൻ മുൻകൈ എടുത്തു. ജൂബിലി വർഷത്തിൽ പള്ളിക്കൊരുവീട് പണിയുന്നതിനുള്ള തയ്യാറെടുപ്പിൽ വികാരിയച്ചൻ അതിനുള്ള സ്കെച്ചും പ്ലാനും പഞ്ചായത്തിൽ സമർപ്പിച്ച് കഴിഞ്ഞു.

വർഗീസ് കുത്തിനേത്ത് അച്ചന്റെ സ്തുത്യാർഹമായ സേവനത്തിനുശേഷം റോണി കിഴക്കേടത്ത് അച്ചൻ വികാരിയായി സ്ഥാനമേൽക്കുകയും ഇടവകയുടെ പ്രവർനങ്ങൾക്ക് മികച്ച പിന്തുണ നല്കുകയും ചെയ്യുന്നു. ഇടവകയുടെ ഏതൊരു കാര്യത്തിലും റോണി അച്ചന്റെ സാന്നിധ്യം സജീവമാണ്. ഈ പ്രതിസന്ധി ഘട്ടത്തിലും ഇടവക ആത്മീയമായി മുൻനിരയിൽ നിൽക്കുന്നു. ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ച ഡീക്കൻ ചാക്കോ കരിപ്പോണിന്റെ പട്ടത്വശുശ്രൂഷയ്ക്കുവേണ്ടി ഇടവക ആത്മീയമായി ഒരുങ്ങുന്നു. അതുപോലെ ഇടവകയിൽ നിന്നും ദൈവവിളിക്കായി കടന്നുചെന്ന ബ്രദർ ഈവാനിയോസ് പഠനം തുടർന്നുവരുന്നു.

ദൈവകൃപയാൽ റോണി കിഴക്കേടത്ത് അച്ചന്റേയും സിസ്റ്റർ ലിഡിയയുടേയും നേതൃത്വിൽ 38 കുടുംബങ്ങൾ ഉൾപ്പെടുന്ന മണിയാർ ദേവാലയം മുന്നോട്ട് പോകുന്നു.

**മണിയാർ ഇടവകയിൽ സേവനം ചെയ്ത വൈദികർ**

1. റവ.ഫാ. മാത്യു കൈയ്യാലയ്ക്കൽ
2. റവ.ഫാ. ജേക്കബ് ജോൺ
3. റവ.ഫാ. ജേക്കബ് മലയിൽ
4. റവ.ഫാ. ജോഷ്വാ പീടികയിൽ
5. റവ.ഫാ. ഏബ്രഹാം പാപ്പാടി
6. റവ.ഫാ. ജോൺ സി. പുത്തൻവീട്
7. റവ.ഫാ. ചെറിയാൻ മായിക്കൽ
8. റവ.ഫാ. ജോൺ തുണ്ടിയത്ത്
9. റവ.ഫാ. റോയി ആമ്പശ്ശേരിൽ
10. റവ.ഫാ. സാമുവേൽ മണ്ണിൽ ചന്ദനപ്പള്ളി
11. റവ.ഫാ. സഖറിയാസ് പുഷ്പവിലാസം
12. റവ.ഫാ. മാത്യു മാടപ്പള്ളിൽ
13. റവ.ഫാ. ജോഷ്വാ പാറയിൽ

14. റവ.ഫാ. ഏബ്രഹാം മണ്ണിൽ

15. റവ.ഫാ. തോമസ് ആലുനിൽകുന്നതിൽ

16. റവ.ഫാ. തോമസ് മലയിൽ

17. റവ.ഫാ. ബോബി ഇരട്ടപുളിക്കൽ

18. റവ.ഫാ. റ്റോം കണ്ണന്താനം കപ്പൂച്ചിൻ

19. റവ.ഫാ. തോമസ് ഈട്ടിക്കാലയിൽ

20. റവ.ഫാ. വർഗീസ് സാമുവേൽ

21. റവ.ഫാ. ഫിലിപ്പോസ് ചരിവുപുരയിടിൽ

22. റവ.ഫാ. വർഗീസ് കുത്തിനേത്ത്

23. റവ.ഫാ. റോണി കിഴക്കേടത്ത് കപ്പൂച്ചിൻ